**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3522** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ഉന്നതവിദ്യാഭ്യാസം അഖിലേന്ത്യാ തലത്തിൽ കുട്ടികൾക്ക് ഉയർന്ന റാങ്ക് കരസ്ഥമാക്കാൻ പ്രാപ്തമല്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എഞ്ചിനീയറിംഗ് വിദ്യാഭ്യാസം കൂടുതൽ വൈവിധ്യവൽക്കരിക്കേണ്ടതുണ്ട് എന്ന കാഴ്ചപ്പാട് സർക്കാരിനുണ്ടോയെന്ന് വിശദമാക്കാമോ? | (ബി) | എഞ്ചിനീയറിംഗ് വിദ്യാഭ്യാസം കൂടുതൽ വൈവിധ്യവൽക്കരിക്കുന്നതിനായി സർക്കാർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. അതിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് തൊഴിൽ ക്ഷമതയിൽ മികച്ച നിലവാരം പുലർത്തുന്നതിനാവശ്യമായ പരിശീലനങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും HRD സെല്ലുകൾ രൂപികരിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ്, പോളിടെക്നിക്ക്, ഫൈൻ ആർട്സ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വികസനം ലഭ്യമാക്കുന്നതിനായി ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ മുഖേന വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ദേശീയ തലത്തിൽ പ്രശസ്തമായ സ്ഥാപനങ്ങളിലെ പ്രഗത്ഭരായ അദ്ധ്യാപകരെക്കൊണ്ടും വിവിധ വ്യവസായ സംരംഭങ്ങളിലെ വിദഗ്ധരെക്കൊണ്ടും ആധുനിക വ്യാവസായിക മേഖലയിലെ നൂതന അറിവുകൾ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ലഭ്യമാക്കുന്നുണ്ട്. വിസിറ്റിംഗ് ഫാക്കൽറ്റി പരിപാടി അനുസരിച്ച് ഗവേഷണ-അക്കാദമിക പ്രവർത്തനങ്ങളിൽ സീനിയർ അധ്യാപകരുടെയും പ്രൊഫഷണലുകളുടെയും സേവനം പ്രയോജനപ്പെടുത്തിവരുന്നു. വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭിക്കാനും കരിയർ ഗൈഡൻസിനുമുള്ള പരിശീലനവും നടത്തി വരുന്നുണ്ട്. എല്ലാ സർക്കാർ |

| | | | |
|---|---|---|---|
| | | | എഞ്ചിനീയറിംഗ് കോളേജുകളിലും, തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വപ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച ആവശ്യമായ കംപ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടി വിറ്റിയോടും കൂടി ടെക്നോളജി ഇൻക്യു ബേഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.<br><br>തൊഴിൽ ദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിന് കീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻറസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതിയും നടപ്പിലാക്കി വരുന്നു.<br><br>സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ മേഖലയിൽ വ്യക്തിമുദ്ര പതിപ്പിക്കുന്ന വനിത എഞ്ചിനീയർമാരെ സൃഷ്ടിക്കാനുള്ള Scheme for Her Empowerment in Engineering Education (SHE) പദ്ധതി കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആരംഭിച്ചു കഴിഞ്ഞു.<br><br>എഞ്ചിനീയറിംഗ് ഡിപ്ലോമ വിദ്യാർത്ഥിനികളെ ഇന്നവേഷൻ സമൂഹമായി രൂപപ്പെടുത്തുന്നതിന് പാഠ്യപദ്ധതിയിൽ തന്നെ മാറ്റം വരുത്തിയിട്ടുണ്ട്. Entrepreneurship & Start ups എന്നത് ഒരു പാഠ്യവിഷയ മായും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ